IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

നം. ITS/2017/1257 (10) തീയതി : 28.03.2017

# സർക്കുലർ

**വിഷയം :-** **ഐടി@സ്കൂൾ പ്രോജക്ട് - അപ്പർ പ്രൈമറി സ്കൂൾ അധ്യാപകർക്ക് അവധിക്കാല അധ്യാപക പരിശീലനം നൽകുന്നതിന് ഓൺലൈൻ സംവിധാനത്തിൽ അധ്യാപകരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :-
1. സർക്കാർ ഉത്തരവ് (സാധാ) നം. 764/2017/പൊ.വി.വ. തീയതി 20.03.2017.
2. തിരുവനന്തപുരം ട്രാൻസ് ടവറിൽ വച്ച് ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ 13.03.2017 ന് നടന്ന ഏകദിന ശില്പശാലയും തുടർന്ന് എസ്.സി.ഇ.ആർ.ടി.യിൽ വച്ച് നടന്ന മൊഡ്യൂൾ നിർമ്മാണ ശില്പശാലയുടേയും തീരുമാനം.
3. എസ്.സി.ഇ.ആർ.ടി. യിൽ വച്ച് 28.03.2017 ന് എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ അധ്യക്ഷതയിൽ നടന്ന പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഡയറക്ടർമാരുടെ യോഗത്തിലെ തീരുമാനം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും അവധിക്കാല പരിശീലനം ഐ.സി.ടി. സാധ്യതകളുപയോഗിച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം (2017-18) അപ്പർ പ്രൈമറി ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകം നൽകുന്നതിനാൽ അപ്പർ പ്രൈമറി സ്കൂൾ അധ്യാപകർക്ക് പ്രത്യേക ഐ.സി.ടി. അധിഷ്ഠിത പരിശീലനവും ക്രമീകരിക്കുന്നുണ്ട്. അവധിക്കാല അധ്യാപക പരിശീലനത്തിന്റെ ക്രമീകരണങ്ങൾക്കായി എല്ലാ അപ്പർ പ്രൈമറി സ്കൂൾ അധ്യാപകരുടേയും വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- www.itschool.gov.in - വെബ്സൈറ്റിൽ Training Management System - ൽ സമ്പൂർണ്ണയുടെ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഓരോ സ്കൂളിലേയും അപ്പർ പ്രൈമറി വിഭാഗം അധ്യാപകരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.
- സ്കൂൾ പ്രഥമാധ്യാപകർ അവരവരുടെ സ്കൂളിലെ എല്ലാ അപ്പർ പ്രൈമറി അധ്യാപകരുടേയും വിശദാംശങ്ങൾ 2017 ഏപ്രിൽ 4 ന് മുൻപ് ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളിലേയും അപ്പർ പ്രൈമറി സ്കൂൾ അധ്യാപകരുടെ വിശദാംശങ്ങൾ അവധിക്കാല പരിശീലനത്തിലായി യഥാസമയം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- അവധിക്കാല അധ്യാപക പരിശീലനത്തിന് ജില്ലയിലെ/വിദ്യാഭ്യാസ ജില്ലയിലെ എല്ലാ അപ്പർ പ്രൈമറി സ്കൂൾ അധ്യാപകരുടേയും വിശദാംശങ്ങൾ സമയബന്ധിതമായി ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ എന്നിവർ സ്കൂളുകൾക്കും ബന്ധപ്പെട്ടവർക്കും നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ ഹൈസ്കൂൾ/അപ്പർ പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ./ഡി.പി.ഒ.(എസ്.എസ്.എ.)മാർക്കും